**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4195** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിനായുള്ള ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസിനായി കൈമാറിയ ഭൂമി റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണെന്നും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള തർക്കം നിലനിൽക്കുന്നുണ്ടോയെന്നും എങ്കിൽ തർക്കം എന്താണെന്നും അറിയിക്കുമോ; | (എ) | കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസിനായി കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ 20/11/2017 തീയതിയിലാണ് പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചത്.<br><br>നിലവിൽ പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കങ്ങളൊന്നും നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചതാണോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുകിട്ടിയതാണോ എന്നുള്ള രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഭൂമി കൈമാറ്റം സാധ്യമാക്കുന്നതിനുള്ള തുടർ നടപടി എന്താണെന്ന് വിശദമാക്കാമോ? | (ബി) | കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസ് കെട്ടിടം പണിയുന്നതിനായി കണ്ടെത്തിയ പഞ്ചായത്ത് ഭൂമി ഏത് വകുപ്പ് പ്രകാരമാണ് പഞ്ചായത്തിൽ നിക്ഷിപ്തമായതെന്ന വിവരം ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ